**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1871

06.02.2019-ൽ മറുപടി നൽകേണ്ടത്.

## സിവിൽ സർവ്വീസിന്റെ കാര്യക്ഷമത

**ചോദ്യം**
**ശ്രീ.സി.കെ.ശശീന്ദ്രൻ**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ 01.01.2018 മുതൽ ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം കർശനമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് സ്പാർക്ക് മുഖേന ശമ്പളം കൈപ്പറ്റുന്ന എല്ലാ സർക്കാർ ഓഫീസുകളിലും/ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം 2018 ഒക്ടോബർ 1 നകവും സർക്കാർ ഗ്രാന്റോടു കൂടി പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളിൽ ഡിസംബർ 31 നകവും സ്ഥാപിച്ചു നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുക, കൂടുതൽ ജനോപകാരമായ മാറ്റങ്ങൾ ആവിഷ്കരിക്കുക, സിവിൽ സർവ്വീസ് ആധുനികവൽക്കരിക്കുക എന്നീ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നാലാം ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.<br>വകുപ്പുതല ചട്ടക്കൂടുകൾ ഇല്ലാതാക്കുക, പ്രഗത്ഭരായ യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുക, മധ്യതല |

| | | |
|---|---|---|
| | | സംവിധാനം ശക്തമാക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു. ആയതിന്റെ ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് എസ്.ആർ.ഒ.861/22017 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിൽ വരുത്തേണ്ട ചില ഭേദഗതികൾ സർക്കാരിന്റെ പരിശോധനയിലാണ്.<br>ജീവനക്കാരുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും നിലനിർത്തുവാനും വികസിപ്പിക്കുവാനും ഭരണമികവിലേക്കുള്ള പരിശ്രമം സുഗമമാക്കുന്നതിനുമായി എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖേന പരിശീലനം നൽകിവരുന്നു. സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. സംസ്ഥാന പരിശീലന നയത്തിന് രൂപം നൽകി.<br>സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും, മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ മുൻഗണന നൽകുക, പൊതുജനങ്ങളുടെ പരാതികൾക്കും അപേക്ഷകൾക്കും മറുപടി നൽകുമ്പോൾ പൂർണമായ മേൽവിലാസം രേഖപ്പെടുത്തുക, **e vacancy software** മുഖേന ഒഴിവുകൾ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്ന നടപടികൾ അടിയന്തിരമായി പൂർത്തിയാക്കുക സർക്കാർ ഓഫീസുകളിൽ ജീവനക്കാർ തങ്ങളുടെ കുട്ടികളെ പ്രവർത്തിസമയം ഒപ്പം ഇരുത്തി വിലപ്പെട്ട ഓഫീസ് സമയം പാഴാക്കുന്നത് തടയുക എന്നിവ സംബന്ധിച്ച് എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകി പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കാൻ ഇനി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനായി മൂന്ന് റിപ്പോർട്ടുകൾ ഭരണപരിഷ്കാര കമ്മീഷൻ സമർപ്പിച്ചിട്ടുണ്ട്.<br>1. വിജിലൻസ് സംവിധാനം - പരിഷ്കരണം<br>2. Capacity Development of Civil Servants - Kerala<br>3. Welfare to Rights – Implementation of select Legislations – A review<br>റിപ്പോർട്ടുകൾ സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ